# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യം ആദ്യം എന്ന നയമാണ് പിന്തുടരുന്നതെന്നും വികസിത ഭാരതം എന്ന ലക്ഷ്യത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ലോക്സഭയിൽ.

   **Central government has been solely guided by the motto of India first and committed to the goal of a vikasit bharat says PM Modi in Loksabha.**

2. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാസാക്കി, ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ പ്രധാനമന്ത്രി നാളെ മറുപടി നൽകും.

   **After the adoption of Motion of Thanks to President Droupadi Murmu's address, The Lok Sabha today adjourned sine die. The Prime Minister will reply in the Rajya Sabha tomorrow.**

3. ഉത്തർപ്രദേശിലെ ഹത്രാസിൽ മതചടങ്ങിനിടെയുണ്ടായ അപകടത്തിൽ അൻപതിലധികം പേർ മരിച്ചു.

   **In Uttar Pradesh, more than 50 people lost their lives during a stampede at a religious gathering in Hathras district today.**

4. കേരളത്തിൽ പകർച്ച വ്യാധികൾ പടരുന്ന സാഹചര്യം, സഭ നിർത്തിവെച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

**Opposition walks out from Legislative Assembly after Speaker AN Shamseer refused permission for an adjournment motion to discuss the rise in communicable diseases in kerala.**

5. **ഗ്ലോബൽ ഇന്ത്യ എഐ ഉച്ചകോടി നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും.**

**Global India AI Summit 2024 begins at New Delhi tomorrow**

&&&&&&&&&&&&&&&&&&

## HEADLINE – 2

## LOKSABHA

പതിനെട്ടാം ലോക്സഭയിൽ രാഷ്ട്രപതി ദ്രൗപദി മുർമു നടത്തിയ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാസാക്കി ലോക്സഭാ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദിപ്രമേയത്തിൽ നാളെ രാജ്യസഭയിൽ മറുപടി നൽകും.

&&&&&&&&&&&&&&&&&&

## HEADLINE – 1

## LS PM-EARLY - INTRO

അഴിമതിക്കതിരെയുള്ള വീട്ടുവീഴ്ചയില്ലാത്ത നിലപാടിന് ജനങ്ങൾ നൽകിയ പിന്തുണയാണ് ലോക്സഭ തിരഞ്ഞെടുപ്പിൽ ലഭിച്ച വിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക്സഭയിൽ രാഷ്ട്രപതിയുടെ നന്ദിപ്രമേയ ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. ഇന്ത്യ ഒന്നാമത് എന്ന നയമാണ് കേന്ദ്ര സർക്കാരിനെ മുന്നോട്ട് നയിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. എല്ലാവർക്കും നീതി എന്ന നയമാണ് സർക്കാർ പിന്തുടരുന്നത്. ലോക്സഭ തിരഞ്ഞെടുപ്പിൽ വിജയിക്കാനായി തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ചിട്ടും തോൽവി ഏറ്റുവാങ്ങേണ്ടി വന്ന പ്രതിപക്ഷത്തിന്റെ വേദന തനിക്ക് മനസിലാകുമെന്ന് ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

പൊതു തിരഞ്ഞെടുപ്പിൽ വിവേകവും പക്വതയും പ്രകടിപ്പിച്ച ജനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

**PM VOICE**

സർക്കാരിൻറെ നയങ്ങൾ, ഉദ്ദേശ്യം, ആത്മർപ്പണം തുടങ്ങിയവയിൽ ജനങ്ങൾ വിശ്വാസം അർപ്പിച്ചതാണ് തുടർച്ചയായ മൂന്നാം തവണയും NDA സർക്കാരിനെ അധികാരത്തിൽ എത്തിച്ചതെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു. പ്രധാനമന്ത്രിയുടെ പ്രസംഗത്തിനിടെ വിവിധ വിഷയങ്ങളിൽ പ്രതിപക്ഷം സഭയിൽ ബഹളം വെച്ചു. പ്രതിപക്ഷ പ്രതിഷേധത്തിൽ അതൃപ്തി പ്രകടിപ്പിച്ച സ്പീക്കർ ഓം ബിർള, സഭയുടെ മര്യാദ കാത്തുസൂക്ഷിക്കണമെന്ന് നിർദേശം നൽകി.

&&&&&&&&&&&&&&&&&&

**<u>LS BJP- RAHUL REMARKS</u>**

പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതിയുടെ അഭിസംബോധനയ്ക്ക് ശേഷം, ലോക്സഭയിൽ ഇന്നലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നടത്തിയ പ്രസംഗത്തിലെ പരാമർശത്തിനെതിരെ ബിജെപി എം പി ബാൻസുരി സ്വരാജ് നോട്ടീസ് അയച്ചു. രാഹുലിൻറെ പ്രസംഗത്തിലെ ചില പരാമർശങ്ങൾ വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണാജനകവും ആണെന്നും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും നോട്ടീസിൽ വ്യക്തമാക്കുന്നു. അതേസമയം സഭാരേഖയിൽ നിന്ന് ഒഴിവാക്കിയ തൻറെ പ്രസംഗത്തിലെ പരാമർശങ്ങൾ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് രാഹുൽ ഗാന്ധി ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് കത്ത് നൽകി.

&&&&&&&&&&&&&&&&&&

**<u>KERALA MP SWEARING</u>**

കേരളത്തിൽ നിന്നുള്ള മൂന്ന് രാജ്യസഭാംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. മുസ്ലിം ലീഗ് എംപി ഹാരിസ് ബീരാൻ, കേരള കോൺഗ്രസ് (എം) അംഗം ജോസ് കെ മാണി, സിപിഐ, എംപി പി പി സുനീർ എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്തത്. മലയാളത്തിലായിരുന്നു പി പി സുനീറിന്റെ സത്യപ്രതിജ്ഞ.

&&&&&&&&&&&&&&&&&&&

## HEADLINE – 3

## HATHRAS STAMPEDE

ഉത്തർപ്രദേശിലെ ഹത്രാസിൽ മതചടങ്ങിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് അൻപതിലധികം പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണ്. വലിയ ജനക്കൂട്ടം ചടങ്ങിൽ പങ്കെടുക്കാൻ എത്തിയതിനെ തുടർന്നാണ് തിരക്ക് ഉണ്ടായതെന്ന് പോലീസ് അറിയിച്ചു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും യു പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും അനുശോചനമറിയിച്ചു. മരിച്ചവരുടെ കുടുംബത്തിന് 2 ലക്ഷം രൂപാവീതം ധനസഹായം നൽകും.

&&&&&&&&&&&&&&&&&&&

## HEADLINE – 5

## GLOBAL INDIA AI SUMMIT

Global India AI ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര ഇലക്ട്രോണിക്സ് & ഐ ടി മന്ത്രി അശ്വിനി വൈഷ്ണവ് ഉച്ചക്കോടി ഉദ്ഘാടനം ചെയ്യും. വിവര കൈമാറ്റം, എ ഐ സാങ്കേതിക വിദ്യയിലെ വളർച്ചയിൽ ഇന്ത്യയുടെ പ്രതിബദ്ധത തുടങ്ങിയവയാണ് രണ്ട് ദിവസത്തെ എ ഐ സമ്മേളനത്തിന്റെ പ്രധാന ചർച്ചാ വിഷയം. Application Development, Startup Financing, സുരക്ഷിത എ ഐ തുടങ്ങിയ മേഖലകൾക്ക്

ഉച്ചകോടിയിൽ ഊന്നൽ നൽകും. കേന്ദ്രസഹമന്ത്രി ജിതിൻ പ്രസാദ സംബന്ധിക്കും.

&&&&&&&&&&&&&&&&&&

## CJI– COURT

നീതിയും തുല്യതയുമാണ് ജുഡീഷ്യറിയുടെ അടിസ്ഥാന തത്വങ്ങളാണെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്. ഡൽഹിയിലെ കർക്കർഡൂമയിൽ മൂന്ന് കോടതി മന്ദിരങ്ങളുടെ ശിലാസ്ഥാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു കോടതി മന്ദിരം കേവലം ഇഷ്ടികയും കല്ലും കൊണ്ട് മാത്രമല്ല മറിച്ച് ജനങ്ങളുടെ പ്രതീക്ഷകൾക്കും അഭിലാഷങ്ങൾക്കും മുകളിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഏകപക്ഷീയമായ തീരുമാനങ്ങളിലൂടെയല്ല, നിയമങ്ങളിലൂടെ ജനങ്ങൾക്ക് ഭരണബോധം നൽകുന്നതിനാണ് കോടതികൾ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി ഹൈക്കോടതി ജസ്റ്റിസ് മൻമോഹൻ, സുപ്രീം കോടതി ജസ്റ്റിസുമാരായ ഹിമ കോലി, ജസ്റ്റിസ് അമാനുള്ള, ഡൽഹി ലെഫ്റ്റനൻ്റ് ഗവർണർ വി കെ സക്സേന, പൊതുമരാമത്ത് മന്ത്രി അതിഷി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## COURT KEJRIWAL CBI

മദ്യനയ അഴിമതിക്കേസിൽ സിബിഐ അറസ്റ്റിനെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സമർപ്പിച്ച ഹർജിയിൽ ഡൽഹി ഹൈക്കോടതി ഇന്ന് നോട്ടീസ് അയച്ചു. വിഷയത്തിൽ ഈ മാസം 17നകം പ്രതികരണം അറിയിക്കാൻ ജസ്റ്റിസ് നീന ബൻസാൽ കൃഷ്ണയുടെ ബെഞ്ച് കേന്ദ്ര ഏജൻസിയോട്

ആവശ്യപ്പെട്ടു. ഈ മാസം 12 വരെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന മുഖ്യമന്ത്രി കെജ്‌രിവാൾ, സിബിഐയുടെ അറസ്റ്റിനെയും തുടർന്നുള്ള ഏജൻസിയുടെ കസ്റ്റഡിയുടെയും സാധുതയെയും ചോദ്യംചെയ്തിരുന്നു.

&&&&&&&&&&&&&&&&&&&

## HEADLINE – 4

## NIYAMASABHA WALKOUT

കേരളത്തിൽ മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചാ വ്യാധികൾ കാരണം മരണങ്ങൾ വർധിക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്തു നിന്ന് ടി വി ഇബ്രാഹിം ആണ് ഇത് സംബന്ധിച്ച ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സംസ്ഥാനത്ത് പകർച്ചാ വ്യാധി പടരുന്ന സാഹചര്യത്തെ ആരോഗ്യ മന്ത്രി വളരെ ലാഘവത്തോടെയാണ് സമീപിക്കുന്നത് എന്ന് ടി വി ഇബ്രാഹിം ആരോപിച്ചു. പകർച്ച വ്യാധികളെ നിയന്ത്രിച്ച് ശാശ്വത പരിഹാരമുണ്ടാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു. മലപ്പുറത്ത് ശാസ്ത്രീയമായ ഇടപെടലിൻറെ ഭാഗമായി രോഗം റിപ്പോർട്ട് ചെയ്ത ഇടങ്ങളിൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് മന്ത്രി വീണ ജോർജ് മറുപടിയായി പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്.

&&&&&&&&&&&&&&&&&&&

## SABHA TILL 11TH

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഈ മാസം 11 വരെയാക്കി വെട്ടിച്ചുരുക്കാൻ കാര്യോപദേശക സമിതി തീരുമാനം. നാളത്തെ സമ്മേളനവും ഒഴിവാക്കിയിട്ടുണ്ട്. കഴിഞ്ഞ മാസം 10 നാണ് നിയമസഭാ സമ്മേളനം ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

## M. R. SAJESH

മുതിർന്ന മാധ്യമപ്രവർത്തകൻ എം.ആർ. സജേഷ് നിര്യാതനായി. 46 വയസായിരുന്നു. ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗത്തിൽ കാഷ്വൽ ന്യൂസ് എഡിറ്ററായിരുന്നു. ഇന്ത്യാവിഷൻ, കൈരളി, ന്യൂസ് 18, എന്നിവിടങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. കരൾ രോഗത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. എം ആർ സജേഷിൻറെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## RAIN - KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും.
കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും, കോഴിക്കോട് നാളെയും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കുണ്ട്.
കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## ASSAM-FLOOD

അസമിൽ വെള്ളപ്പൊക്കം രൂക്ഷമായി തുടരുന്നു. 19 ജില്ലകളിലായി 6 ലക്ഷത്തിലധികം ജനങ്ങൾ ദുരിതത്തിലാണ്. ഒരു ദിവസത്തിനിടെ ഒരാൾ കൂടി മരിച്ചതോടെ ആകെ മരണം 35 ആയി. 1,275 വില്ലേജുകളെ ബാധിച്ച പ്രളയത്തിൽ 14,700 ഹെക്ടറിലധികം കൃഷി നാശമുണ്ടായെന്നാണ് കണക്ക്.

&&&&&&&&&&&&&&&&&&&

## INDIAN TEAM- BARBADOS

ബെറിൽ ചുഴലിക്കാറ്റിനെ തുടർന്ന് ബാർബഡോസിൽ കുടുങ്ങിയ ടി-20 ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ക്രിക്കറ്റ് ടീം അംഗങ്ങൾ നാളെ വൈകിട്ടോടെ ഡൽഹിയിൽ എത്തിയേക്കും. ഇന്നലെ രാത്രി യാത്ര തിരിക്കേണ്ടിയിരുന്ന ടീംമംഗങ്ങൾ ചുഴലിക്കാറ്റിനെ തുടർന്ന് വിമാനത്താവളങ്ങൾ അടച്ചതിനാൽ ബാർബഡോസിൽ കുടുങ്ങുകയായിരുന്നു. ബാർബഡോസിലും സമീപ ദ്വീപുകളിലും ആഞ്ഞടിക്കുന്ന ചുഴലിക്കാറ്റ് ഇന്നലെ കാറ്റഗറി നാല് തീവ്രതയിലേക്ക് എത്തിയിരുന്നു.

&&&&&&&&&&&&&&&&&&&

## WIMBLEDON - MURRAY

വിംബിൾഡൺ പുരുഷ സിംഗിൾസിൽ നിന്ന് മുൻ ചാമ്പ്യൻ ആൻഡി മറെ പിന്മാറി. 10 ദിവസം മുമ്പ് നട്ടെല്ലിലെ സിസ്റ്റിന് ശസ്ത്രക്രിയയ്ക്ക് വിധേയനായ മറെ ഇന്ന് സെൻറർ കോർട്ടിൽ ആദ്യ റൗണ്ടിൽ ചെക്ക് എതിരാളിയായ ടോമാസ് മച്ചാക്കിനെ നേരിടാനിരിക്കെയാണ് പിന്മാറ്റം. ഡബിൾസിൽ മത്സരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് മറെ പറഞ്ഞു. ബ്രിട്ടിഷ് പ്രൊഫഷണൽ ടെന്നീസ് താരമായ ആൻറി മറെ 2016 ൽ സിംഗിൾസിൽ ലോക റാങ്കിങ്ങിൽ ഒന്നാമതായിരുന്നു. വിംബിൾഡണിൽ രണ്ടും യു എസ് ഓപ്പണിൽ ഒന്നുമടക്കം മൂന്ന് ഗ്രാൻഡ് സ്ലാം സിംഗിൾസ് കിരീടങ്ങൾ താരം സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## BRAZIL-FLOOD

ബ്രസീലിൽ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മരിച്ചവരുടെ എണ്ണം 179 ആയി. 33 പേരെ കണ്ടെത്താനുണ്ട്. തെക്കൻ സംസ്ഥാനമായ റിയോ ഗ്രാൻഡെ ഡോ സുള്ളിന്റെ 90 ശതമാനം പ്രദേശത്തും കെടുതികൾ രൂക്ഷമാണ്. കഴിഞ്ഞ 2 മാസത്തിനിടെ അപ്രതീക്ഷിത കാലാവസ്ഥാ മാറ്റത്തിൽ 4 ലക്ഷത്തി 50,000 പേരെയാണ് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയത്.

&&&&&&&&&&&&&&&&&&&

## MONGOLIA PARLIAMENT

മംഗോളിയയിൽ സ്റ്റേറ്റ് ഹൗസിലെ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടന ദിവസമായ ഇന്ന് തിരഞ്ഞെടുക്കപ്പെട്ട 126 അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. പാർലമെൻ്റിലെ ഏറ്റവും പ്രായം കൂടിയ അംഗമായ ഡുഗർ റെഗ്ഡലാണ് സത്യവാചകം ചൊല്ലിക്കൊടുത്തത്. മംഗോളിയൻ പാർലമെന്റിലേക്കുള്ള 9 -ാമത്തെ തിരഞ്ഞെടുപ്പ് കഴിഞ്ഞ മാസമാണ് നടന്നത്. 126 സീറ്റുകളുള്ള പാർലമെൻ്റിൽ ഭരണകക്ഷിയായ മംഗോളിയൻ പീപ്പിൾസ് പാർട്ടി 68 സീറ്റുകൾ നേടിയപ്പോൾ പ്രതിപക്ഷമായ ഡെമോക്രാറ്റിക് പാർട്ടിക്ക് 42 സീറ്റുകൾ ലഭിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&